## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 26.04.2026**

### പ്രധാന വാർത്തകൾ

**TIME: 06.30 PM**

1. സെൻസസ് പ്രക്രിയ വിജയകരമാക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി. ഊർജ്ജ മേഖലയിൽ രാജ്യം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചും മൻ കി ബാത്തിൽ പരാമർശം.

2. യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ മികച്ച പ്രകടനം കാഴ്ചവച്ച മലയാളി വിദ്യാർത്ഥിനി സഞ്ജനയ്ക്ക് പ്രധാനമന്ത്രിയുടെ അഭിനന്ദനം. കുട്ടികൾ അവധിക്കാലം ആഘോഷിക്കുന്നതിനൊപ്പം ആരോഗ്യത്തിലും ശ്രദ്ധിക്കണമെന്ന് പ്രധാനമന്ത്രി.

3. പൂരാവേശത്തിൽ തൃശൂർ. താള, മേള, വർണ വിസ്മയങ്ങൾ തീർത്ത കുടമാറ്റത്തിനും, ഇലഞ്ഞിത്തറ മേളത്തിനും സാക്ഷ്യംവഹിച്ച് പതിനായിരങ്ങൾ.

4. പശ്ചിമ ബംഗാൾ രണ്ടാം ഘട്ട തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ അവസാനിക്കും. വോട്ടെടുപ്പ് 29 ന്.

5. സംസ്ഥാനത്ത് കടുത്ത ചൂടിന് ആശ്വാസം പകർന്ന് വിവിധ ജില്ലകളിൽ വേനൽമഴയെത്തി.

6. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ, ഗുജറാത്ത് ടൈറ്റൻസിന് 159 റൺസ് വിജയലക്ഷ്യം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## എംകെബി - സെൻസസ് (ഇൻട്രോ)

രാജ്യത്തെ സെൻസസ് സർക്കാർ നടപടി എന്നതിലുപരി എല്ലാവരുടെയും ഉത്തരവാദിത്തമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജനങ്ങളുടെ പങ്കാളിത്തം അതിൽ നിർണായകമാണെന്നും നൽകുന്ന വിവരങ്ങൾ പൂർണമായും സംരക്ഷിക്കപ്പെടുമെന്നും മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഏവരും സെൻസസ് പ്രക്രിയയിൽ പങ്കെടുത്ത് കണക്കെടുപ്പ് വിജയകരമാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ലോകത്തിലെ ഏറ്റവും വലിയ സെൻസസ് നടപടിയാണിതെന്നും, ഡിജിറ്റൽ രീതിയിലാണ് ഇക്കുറി സെൻസസ് നടപ്പാക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

*********************************

## എംകെബി-ഊർജ്ജം

ഭാരതത്തിന്റെ സിവിൽ ന്യൂക്ലിയർ പ്രോഗ്രാം രാഷ്ട്ര നിർമ്മാണത്തിന് ഗണ്യമായ സംഭാവന നൽകുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി. തമിഴ്നാട്ടിലെ കൽപ്പാക്കത്തുള്ള ഫാസ്റ്റ് ബ്രീഡർ റിയാക്ടർ ക്രിട്ടിക്കാലിറ്റി കൈവരിച്ചത് രാജ്യത്തിന്റെ അണവോർജ്ജ യാത്രയിലെ നിർണായക നാഴികക്കല്ലാണെന്നും അദ്ദേഹം വ്യക്തമാക്കി. കാറ്റിൽനിന്നുള്ള ഊർജ്ജോത്പാദനത്തിലും രാജ്യം അടുത്തിടെ സുപ്രധാന നാഴികക്കല്ല് പിന്നിട്ടതായി പ്രധാനമന്ത്രി പറഞ്ഞു. റിന്യൂവബിൾ എനർജി പാർക്കുകൾ യുവജനങ്ങൾക്ക് പുതിയ തൊഴിലവസരങ്ങൾ തുറക്കുന്നതായും ശ്രീ മോദി വ്യക്തമാക്കി.

*********************************

## എംകെബി - ഗണിത ഒളിമ്പ്യാഡ് (ഇൻട്രോ)

ഫ്രാൻസിലെ ബോർഡോയിൽ ഈ മാസം ആദ്യം നടന്ന യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ തിരുവനന്തപുരത്ത് നിന്നുള്ള സഞ്ജന ചാക്കോ ഉൾപ്പെടെയുള്ളവർ കാഴ്ചവച്ച മികച്ച പ്രകടനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിൽ അഭിനന്ദിച്ചു. ഗണിതശാസ്ത്രത്തിൽ അതീവ താല്പര്യമുള്ള സ്കൂൾ വിദ്യാർത്ഥിനികൾക്കുള്ള ഈ മത്സരത്തിൽ മുംബൈയിൽ നിന്നുള്ള ശ്രേയ മുന്ധ്ട, സ്വർണ്ണ മെഡൽ നേടി ചരിത്രം സൃഷ്ടിച്ചപ്പോൾ മലയാളി വിദ്യാർത്ഥിനി സഞ്ജന വെള്ളി മെഡലാണ് നേടിയത്. പ്രധാനമന്ത്രിയുടെ പരാമർശത്തിൽ സഞ്ജന സന്തോഷം പങ്കുവച്ചു.

(ഹോൾഡ്)

**********************************

എംകെബി ബീറ്റിങ്ങ്

രാജ്യത്ത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി നടന്ന ബീറ്റിങ്ങ് റിട്രീറ്റിനെക്കുറിച്ച് പറഞ്ഞ പ്രധാനമന്ത്രി കര, വ്യോമ, നാവിക സേനയുടെയും, കേന്ദ്ര സായുധ സേനയുടെയും ബാൻഡുകൾ വളരെ മികച്ച പ്രകടനങ്ങൾ ഈ വർഷം നടത്തിയതായി അനുസ്മരിച്ചു. ബീറ്റിംഗ് റിട്രീറ്റിന്റെ സംഗീതം Waves OTTയിൽ ലഭ്യമാണെന്നും, ഭാവിയിൽ, മറ്റ് പ്ലാറ്റ്ഫോമുകളിലും ഇത് ലഭ്യമാകുമെന്നും അദ്ദേഹം അറിയിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള, പ്രകൃതി സംരക്ഷണത്തിന് പ്രചോദനാത്മകമായ ചുവടുവെയ്പുകളെക്കുറിച്ചും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. ബാംബൂ മേഖലയിലെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ വിജയത്തെക്കുറിച്ചു പറഞ്ഞ പ്രധാനമന്ത്രി, ഇവിടെ നിന്നും മുള ഉൽപ്പന്നങ്ങൾ വാങ്ങാൻ ജനങ്ങളോട്

അഭ്യർത്ഥിച്ചു. ഇന്ത്യൻ ചീസിന്റെ പ്രത്യേകതകളെക്കുറിച്ചും അദ്ദേഹം മൻ കി ബാത്തിൽ പരാമർശിച്ചു.

*********************************

## എംകെബി ബുദ്ധപൂർണിമ

എല്ലാ ജനങ്ങൾക്കും പ്രധാനമന്ത്രി ബുദ്ധപൂർണ്ണിമ ആശംസകൾ നേർന്നു. ഇന്ന് ലോകം നേരിടുന്ന സമ്മർദ്ദങ്ങളും സംഘർഷങ്ങളും കണക്കിലെടുക്കുമ്പോൾ, ബുദ്ധന്റെ ചിന്തകൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നതായി അദ്ദേഹം പറഞ്ഞു. വിശ്വസാഹിത്യകാരൻ രബീന്ദ്രനാഥ് ടാഗോറിന്റെ ജന്മവാർഷികം മെയ് 9 ന് രാജ്യം ആഘോഷിക്കുന്ന വേളയിൽ, ഗുരുദേവ് ടാഗോറിനെ പ്രധാനമന്ത്രി മൻ കി ബാത്തിൽ അനുസ്മരിച്ചു. സ്കൂൾ വിദ്യാർത്ഥികൾ അവധിക്കാലം ആഘോഷിക്കുന്നതിനൊപ്പം ആരോഗ്യത്തിലും ശ്രദ്ധിക്കണമെന്ന് ഓർമപ്പെടുത്തിയാണ് അദ്ദേഹം മൻ കി ബാത്ത് അവസാനിപ്പിച്ചത്.

*********************************

## തൃശൂർ പൂരം (ഇൻട്രോ)

പൂരാവേശത്തിൽ തൃശൂർ. താള, മേള, വർണ വിസ്മയങ്ങൾ തീർത്ത കുടമാറ്റത്തിനും, ഇലഞ്ഞിത്തറ മേളത്തിനും സാക്ഷ്യംവഹിച്ച് പതിനായിരങ്ങൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്....**

(ഹോൾഡ്)

*********************************

## പശ്ചിമ ബംഗാൾ - തിരഞ്ഞെടുപ്പ്

പശ്ചിമ ബംഗാൾ നിയമസഭ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. പരസ്യ പ്രചാരണം നാളെ അവസാനിക്കും. 29 നാണ് വോട്ടെടുപ്പ്. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഇന്ന് ഹൂഗ്ലി, നോർത്ത് 24 പർഗാനാസ് ജില്ലകളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. തൃണമൂൽ കോൺഗ്രസ് നേതാവും മുഖ്യമന്ത്രിയുമായ മമത ബാനർജി ഇന്ന് സ്വന്തം മണ്ഡലമായ ഭവാനിപ്പുർ കേന്ദ്രീകരിച്ചാണ് പ്രചാരണം നടത്തിയത്.

*********************************

## പശ്ചിമേഷ്യ

പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത്, രാജ്യത്ത് പെട്രോളിയം ഉത്പന്നങ്ങളുടെയും എൽപിജിയുടെയും ലഭ്യത ഉറപ്പുവരുത്താൻ കൃത്യമായ നടപടികൾ സ്വീകരിച്ചതായി കേന്ദ്ര പെട്രോളിയം മന്ത്രാലയം. 52 ലക്ഷത്തിനടുത്ത് ഗാർഹിക പാചക വാതക സിലിണ്ടറുകൾ ഇന്നലെ മാത്രം വിതരണം ചെയ്തു. ഗൾഫ് മേഖലയിൽ നിന്ന് 2,700 ന് മുകളിൽ ഇന്ത്യൻ നാവികരെ സുരക്ഷിതരായി മടക്കിയെത്തിക്കാൻ സാധിച്ചതായും കേന്ദ്രസർക്കാർ അറിയിച്ചു. സംഘർഷം ആരംഭിച്ച ശേഷം ഇതുവരെ 13 ലക്ഷത്തിനടുത്ത് ആളുകളാണ് മേഖലയിൽ നിന്നും ഇന്ത്യയിലേക്ക് യാത്ര ചെയ്തത്.

*********************************

## പാമ്പുകടിയേറ്റു

ഇടുക്കി കാഞ്ഞാറിൽ വയോധിക പാമ്പുകടിയേറ്റ് മരിച്ചു. കാഞ്ഞാർ താന്നിക്കപ്പാറയിൽ വിശാലാക്ഷിക്കാണ് വീടിന്റെ സമീപമുള്ള പറമ്പിൽ നിന്നും കടിയേറ്റത്. ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പത്തനംതിട്ടയിലും ഒരാൾക്ക് പാമ്പുകടിയേറ്റു. മല്ലപ്പള്ളി സ്വദേശി

രതീഷിനെയാണ് വീട്ടിൽവെച്ച് പാമ്പുകടിയേറ്റതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

********************************

## ചികിത്സാ ചെലവ്

തൃശൂർ കോടാലിയിൽ പാമ്പുകടിയേറ്റ് ചികിത്സയിൽ കഴിയുന്ന അനോഷിന്റെ ചികിത്സാ ചെലവ് സംസ്ഥാന സർക്കാർ ഏറ്റെടുത്തു. നിലവിൽ അപ്പോളോ ആശുപത്രിയിൽ കഴിയുന്ന കുട്ടിയുടെ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്ന് ഡോക്ടർമാർ അറിയിച്ചു. അനോഷിന്റെ സഹോദരൻ ആൽജോ പാമ്പ് കടിയേറ്റ് കഴിഞ്ഞ ദിവസം മരിച്ചിരുന്നു.

********************************

## കാലാവസ്ഥ

സംസ്ഥാനത്തും ഇന്നും നാളെയും കനത്ത ചൂട് തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പാലക്കാട് താപനില 40 ഡിഗ്രി സെൽഷ്യസ് വരെയും, കൊല്ലത്ത് 39 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്. മറ്റ് ജില്ലകളിലും സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാമെന്നും മുന്നറിയിപ്പിൽ പറയുന്നു. കനത്ത ചൂടിന് ആശ്വാസം പകർന്ന് വിവിധ ജില്ലകളിൽ ഇന്ന് വേനൽമഴയെത്തി. വരുംദിവസങ്ങളിലും സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്. പത്തനംതിട്ട, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 29 നും പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 30 നും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

********************************

## ഐപിഎൽ - ഐഎസ്എൽ

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ, ഗുജറാത്ത് ടൈറ്റൻസിന് 159 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ചെന്നൈ, നിശ്ചിത 20 ഓവറിൽ, 7 വിക്കറ്റ് നഷ്ടത്തിൽ 158 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്ത് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 11-ആം ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 92 റൺസ് എന്ന നിലയിലാണ്. വൈകിട്ട് 7.30ന് നടക്കുന്ന ഐപിഎൽ രണ്ടാം മത്സരത്തിൽ ലക്നൗ സൂപ്പർ ജയന്റ്സ്-കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ISL ഫുട്ബോളിൽ സ്പോർട്ടിങ്ങ് ഡൽഹി, മൊഹമ്മദൻ SC യെ നേരിടുന്നു. നിലവിൽ ഇരു ടീമുകളും രണ്ട് ഗോൾ വീതം നേടിയിട്ടുണ്ട്.

**********************************

## സ്വർണ്ണ വില

സ്വർണ്ണ വില മൂന്നു ദിവസമായി മാറ്റമില്ലാതെ തുടരുന്നു. പവന് ഒരു ലക്ഷത്തി 12,960 രൂപയും ഗ്രാമിന് 14,120 രൂപയുമാണ് ഇന്നത്തെ വില.

*

*************

******************************************************